# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3102 13.03.2018 ൽ മറുപടിയ്ക്ക്

### സാരഥി പദ്ധതി

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഇന്ത്യയൊട്ടാകെ ഏകീകൃത ലൈസൻസ് കൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച സാരഥി പദ്ധതി പ്രകാരം കേരളത്തിൽ ലൈസൻസ് രൂപം മാറ്റി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സാരഥി പദ്ധതി നടപ്പിലാക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഓഫീസുകളിൽ ( ആർ ടി ഓഫീസ് ആലപ്പുഴ, സബ് ആർ ടി ഓഫീസ് കരുനാഗപ്പള്ളി, ആർ ടി ഓഫീസ് [നാഷണലൈസ്ഡ് സെക്ടർ] തിരുവനന്തപുരം) ഇപ്പോൾ പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് നൽകി വരുന്നു. |
| (ബി) | ഈ പരിഷ്കരിച്ച ലൈസൻസിൽ ഉള്ള പ്രത്യേകതകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ID Type – I , ISO/IEC 7810 ഫോർമാറ്റിലുള്ളതാണ്. മൈക്രോ ലൈൻ , മൈക്രോ ടെക്സ്റ്റ്, ഗൈല്ലോച്ചേ പാറ്റേൺ, ഗോൾഡൻ നാഷണൽ എംബ്ലം, ക്വിക്ക് റെസ്പോൺസ് കോഡ്, ഹോട്ട് സ്റ്റാംപ്ഡ് UV സുരക്ഷിത ഹോളോഗ്രാം എന്നീ സുരക്ഷാ ഘടനകൾ പരിഷ്കരിച്ച ലൈസൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്തു വർഷം വരെ നീണ്ടു നിൽക്കുന്ന PET-G + PVC മെറ്റീരിയൽ ആണ് ഉപയോഗിച്ചിട്ടുള്ളത്. |
| (സി) | നിലവിലുള്ള എല്ലാ ലൈസൻസുകളും പരിഷ്കരിക്കുമോയെന്നും ഇതിനുള്ള ചെലവ് എത്രയെന്നും ഇത് എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | എല്ലാ ഓഫീസുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടെൻഡർ നടപടി പൂർത്തിയായതിനു ശേഷം മാത്രമേ പദ്ധതി പൂർത്തീകരണവും ചെലവും സംബന്ധിച്ചുള്ള കാര്യങ്ങൾക്ക് വ്യക്തത ഉണ്ടാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ